# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 11, വെള്ളി

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
| --- |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| റവന്യൂവും കയറും വകുപ്പുമന്ത്രി |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| പൊതുമരാമത്ത് വകുപ്പുമന്ത്രി |

### റീ സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം

*661 ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേയുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) താലൂക്ക് തലങ്ങളിൽ അദാലത്തുകൾ നടത്തിയും വില്ലേജ് തലങ്ങളിൽ പ്രത്യേക ഹിയറിംഗ് നടത്തിയും ഇത്തരം പരാതികൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ജനസമ്പർക്ക പരിപാടി മാതൃകയിൽ റവന്യു വകുപ്പിലെ പരാതികൾ പരിഹരിക്കുവാൻ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും പ്രത്യേക ജനസമ്പർക്ക പരിപാടി നടത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മത്സ്യബന്ധന തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ</u>

*662 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുള്ള സബ്സിഡി മണ്ണെണ്ണവിഹിതം വെട്ടിക്കുറച്ചത് ലക്ഷക്കണക്കിന് മത്സ്യബന്ധനത്തൊഴിലാളികളെ ദുരിതത്തിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെട്ടിക്കുറച്ച സബ്സിഡി മണ്ണെണ്ണവിഹിതം തിരിച്ചു ലഭിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) വിപണി വിലയ്ക്ക് മണ്ണെണ്ണ വാങ്ങി കടലിൽ പോയി മത്സ്യബന്ധനം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം ഉപേക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി മത്സ്യബന്ധനത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട്</u>

*663 ശ്രീ. എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കാൻ ചുമതലപ്പെടുത്തിയിരുന്ന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; അതിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്;

(ബി) സർവ്വകലാശാലകളിലെ അഴിമതിയും സാമ്പത്തിക പ്രശ്നങ്ങളും പഠനവിധേയമാക്കിയിരുന്നോ ; വിശദമാക്കുമോ ;

(സി) സ്വയംഭരണ കോളേജുകൾക്ക് അനുവാദം നൽകുക വഴി സർവ്വകലാശാലകളുടെ പ്രവർത്തനം അപ്രസക്തമാകാനുള്ള സാഹചര്യം നിലവിലുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഗ്രന്ഥശാലകളുടെ രജിസ്ട്രേഷന്‍</u>

*T664 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രന്ഥശാലകളുടെ രജിസ്ട്രേഷന്‍ എവിടെയാണ് നടത്തേണ്ടതെന്ന് അറിയിക്കുമോ;

(ബി) ഗ്രന്ഥശാലകള്‍ രജിസ്റ്റര്‍ ചെയ്യുന്നതിനുവേണ്ട യോഗ്യതകള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) രജിസ്ട്രേഷന്‍ നടപടികള്‍ എന്തെല്ലാമാണ്;

(ഡി) ഗ്രന്ഥശാലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള സഹായങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014–ലെ മറുപടിക്ക്

<u>ഓപ്പൺ സ്ക്കൂൾ പുനസംഘടന</u>

*665 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ഡോ. ടി. എം തോമസ് ഐസക്
ശ്രീ. കെ. ദാസൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്ക്കൂൾ പുനസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പുനസംഘടനയ്ക്കുളള തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടിട്ടുളളത്; ഇതിന് അനുമതിയുണ്ടോ;

(സി) ഓപ്പൺസ്ക്കൂളിന് നിലവിൽ മേഖലാ ഓഫീസുകൾ എവിടെയെല്ലാമാണ്;

(ഡി) ഓപ്പൺസ്ക്കൂളിന്റെ ആസ്ഥാനം തിരുവനന്തപുരത്തുനിന്നും മാറ്റുന്നതിനുളള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ</u>
<u>ജോയിന്റ് റിവ്യൂവിന്റെ റിപ്പോർട്ട്</u>

*666 ശ്രീ. കെ.വി. വിജയദാസ്
,, ഇ.പി. ജയരാജൻ
,, റ്റി.വി. രാജേഷ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയെ കുറിച്ച് പഠിക്കാൻ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഏർപ്പെടുത്തിയ ജോയിന്റ് റിവ്യൂവിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിൽ സംസ്ഥാനത്തെ സ്കൂൾ മേഖല ഗുരുതരമായ നിലവാരത്തകർച്ച നേരിടുന്നതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ധ്യാപകർക്ക് ലഭിക്കേണ്ട പരിശീലനത്തിലെ നിലവാരത്തകർച്ച ഉണ്ടായിട്ടുള്ളത് പരിശോധിക്കുമോ;

(ഡി) എസ്.ഇ.ആർ.ടി.യിലെ പരിശീലകരുടെ വിദ്യാഭ്യാസ നിലവാരം തരംതാണതും അടിസ്ഥാന സൗകര്യം പോലുമില്ലാത്ത അവസ്ഥയിലുമാണുള്ളതെന്നതായ ആക്ഷേപം അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>അധിക വൈദഗ്ദ്ധ്യ സമ്പാദന പരിപാടി</u>

*667 ശ്രീ. കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികവൈദഗ്ദ്ധ്യ സമ്പാദന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടിയുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഹൈസ്കൂളുകളിലും ഹയർസെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയൻമാരുടെ നിയമനം</u>

*668 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിലും ഹയർസെക്കന്ററി വിഭാഗത്തിലും ലൈബ്രേറിയൻമാരെ നിയമിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയിൽ ഉള്ള ലൈബ്രറികൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പാഠപുസ്തകങ്ങളിലുണ്ടായ മാറ്റവും വിതരണവും</u>

*669 ശ്രീ. ആർ. രാജേഷ്
,, എം.എ. ബേബി
,, കെ.കെ. ജയചന്ദ്രൻ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം സ്കൂളുകളിൽ പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ വർഷം ഏതെല്ലാം ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലാണ് മാറ്റമുണ്ടായിട്ടുള്ളത്; മാറിയ പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തക വിതരണത്തിൽ കാലതാമസമുണ്ടായതു കാരണം വിദ്യാർത്ഥികൾ നേരിട്ട ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച പരിശോധന നടത്തുകയുണ്ടായോ;

(ഡി) കാലതാമസമില്ലാതെ അദ്ധ്യയനവർഷത്തിൽതന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും കുറ്റമറ്റ രീതിയിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പുതിയ റേഷന്‍കടകള്‍</u>

*670 ശ്രീ. എ. റ്റി. ജോര്‍ജ്
,, കെ. ശിവദാസന്‍ നായര്‍
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതിയ റേഷന്‍കടകള്‍ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതില്‍ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

ടോൾ പിരിവ്

*671 ശ്രീ. ബി.ഡി. ദേവസ്സി
,, എസ്. ശർമ്മ
,, സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടോൾ പിരിക്കുന്ന പാലങ്ങളും റോഡുകളും ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഇവയിൽ എത്ര കാലമായി ടോൾ പിരിവ് നടക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) മട്ടാഞ്ചേരി പാലത്തിന് എന്തു തുക നിർമ്മാണചെലവ് വന്നുവെന്ന് വ്യക്തമാക്കുമോ; പിരിവിലൂടെ ലഭിച്ച തുകയെത്ര;

(സി) നിർമ്മാണച്ചെലവിനേക്കാൾ എത്രയോ ഇരട്ടി തുകയാണ് ടോൾ പിരിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ഏതെല്ലാം പാതകൾക്കാണ് ടോൾ പിരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

കോളേജുകളിലെ അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെ ഒഴിവ്

*672 ശ്രീ. രാജു എബ്രഹാം
,, കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാർ ഇല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുറവ് ഉന്നത വിദ്യാഭ്യാസ മേഖലയെ ദോഷകരമായി ബാധിക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ എത്രയും പെട്ടെന്ന് നികത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെയും ഇന്ധനങ്ങളുടെയും അനധികൃത കടത്ത്</u>

*673 ശ്രീ. എം. ഉമ്മർ
,, കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിലൂടെ സബ്സിഡി നിരക്കിലും സൗജന്യമായും പൊതു ജനങ്ങൾക്ക് നൽകുന്ന ഭക്ഷ്യവസ്തുക്കളും ഇന്ധനങ്ങളും വ്യാപകമായി കരിഞ്ചന്തയിലേയ്ക്ക് പോകുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-ലും 2013-ലും ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര അളവിലുള്ള വസ്തുവകകൾ പിടിച്ചെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇവയുടെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ഡി) പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച ശിക്ഷാ നടപടികൾ സംബന്ധിച്ച വിശദവിവരം നൽകുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി</u>

*674 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് നല്കുന്നതിനെ സംബന്ധിച്ച് കേന്ദ്രം നിയമം പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച കേരള നിയമസഭ പാസാക്കിയ നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്തങ്ങൾ - വില്ലേജുതല മാപ്പിംഗ്</u>

*675 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ് ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ പ്രതിരോധിക്കാൻ വില്ലേജുതല മാപ്പിംഗ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ദുരന്തങ്ങൾ കണ്ടെത്തുന്നതിനുള്ള മാപ്പിംഗാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മാപ്പിംഗിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) ദുരന്ത സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കു വേണ്ടി എന്തെല്ലാം മുൻകരുതൽ നടപടികളാണ് ഒരുക്കിക്കൊടുക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം</u>

*676 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഇത് മൂലം എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി (റൂസ)</u>

*677 ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ദേശീയ ഉന്നത വിദ്യാഭ്യാസ പരിപാടി (റൂസ) സംസ്ഥാനത്ത് ആരംഭിച്ചതെന്നാണ്;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് ഫണ്ട് ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര പദ്ധതികൾ കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്; അവ ഏതെല്ലാം;

(സി) റൂസ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ഏതാണ്; ഇതിനകം എത്ര തുക കേന്ദ്രത്തിൽ നിന്നും ഈ പദ്ധതിയുടെ വിഹിതമായി നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ഭക്ഷണ വിഭവങ്ങളുടെ അമിതവില</u>

*678 ശ്രീ. പി.കെ. ബഷീർ
,, റ്റി.എ. അഹമ്മദ് കബീർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയിൽ വിലനിലവാര ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ അത്തരമൊരു വ്യവസ്ഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ബോർഡുകളിൽ പ്രദർശിപ്പിക്കുന്ന വില ന്യായമാണോ എന്നു പരിശോധിക്കാൻ നിലവിൽ മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വില നിലവാരബോർഡുകൾ പ്രദർശിപ്പിച്ചും അല്ലാതെയും അമിതവില ഈടാക്കി ഭക്ഷണവിഭവങ്ങൾ വിപണനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത നടപടികൾ ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഫലപ്രദമായ എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>മാവേലി സ്റ്റോറുകളുടെ പ്രവര്‍ത്തനം</u>

*679 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
'' ഇ. ചന്ദ്രശേഖരന്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവേലിസ്റ്റോറുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികള്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഗുണഭോക്തൃ കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം; ഇതിനകം എത്ര ഗുണഭോക്തൃ കമ്മിറ്റികള്‍ രൂപീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഗുണഭോക്തൃ കമ്മിറ്റികള്‍ രൂപീകരിച്ച സ്ഥലങ്ങളില്‍ മാവേലി സ്റ്റോറുകളില്‍ എന്തെല്ലാം മാറ്റങ്ങള്‍ വരുത്താന്‍ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>പഴകിയ അരി വിതരണത്തിനെതിരെ നടപടി</u>

*680 ശ്രീ. എസ്. രാജേന്ദ്രൻ
,, പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി പുഴുവരിച്ചതും പഴകിയതുമായ അരി വിതരണം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയിന്മേൽ പരിശോധന നടത്താറുണ്ടോയെന്ന് അറിയിക്കുമോ;

(സി) പഴകിയ അരി വിതരണം ചെയ്യുന്നതിന് കാരണക്കാരായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**11.07.2014-ലെ മറുപടിക്ക്**

<u>ഇന്ധനങ്ങളിലെ മായം കലർത്തൽ</u>

*681 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് സംസ്ഥാനത്തെ പെട്രോൾ പമ്പുകളിലെ ഇന്ധനങ്ങളിൽ മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 11.07.2014-ലെ മറുപടിക്ക്

വിദ്യാർത്ഥി - അദ്ധ്യാപക അനുപാത മാറ്റം

*682 ശ്രീ. കെ. കെ. നാരായണൻ
,, എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിന് അദ്ധ്യാപക-വിദ്യാർത്ഥി അനുപാത മാറ്റം കൊണ്ട് കഴിയുമോ;

(ബി) പുതുക്കിയ അനുപാതം നടപ്പിൽ വരുത്തിയതിനു ശേഷം അധികം വരുന്ന അദ്ധ്യാപകരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

മേല്‍പ്പാലങ്ങളും അടിപ്പാലങ്ങളും

*683 ശ്രീ. സി. മോയിന്‍കുട്ടി
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍
,, പി.കെ. ബഷീര്‍
,, റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബസ്സ്റ്റേഷന്‍, റെയില്‍വേസ്റ്റേഷന്‍, പാര്‍ക്കിംഗ് സ്ഥലങ്ങള്‍ എന്നിവിടങ്ങളിലേയ്ക്കുള്ള തിരക്കേറിയ റോഡുകളില്‍ കാല്‍നടക്കാര്‍ക്കുവേണ്ടി മേല്‍പ്പാലങ്ങളും അടിപ്പാലങ്ങളും നിര്‍മ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള പദ്ധതിയുടെ രൂപരേഖകള്‍ തയ്യാറാക്കിയിട്ടുണ്ടോ;

(സി) എത്ര നടപ്പാലങ്ങളാണ് പ്രസ്തുത പദ്ധതിയില്‍പ്പെടുത്തി നിര്‍മ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എസ്.എസ്.എ. സംയോജിത വിദ്യാഭ്യാസ പദ്ധതി

*684 ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. ടി.എം. തോമസ് ഐസക്
ഡോ. കെ.ടി. ജലീൽ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വിദ്യാഭ്യാസ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. സംയോജിത വിദ്യാഭ്യാസ പദ്ധതി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്;

(ബി) പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ യഥാസമയം നിയമിക്കാത്തതിനാൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാധാരണ വിദ്യാലയങ്ങളിൽ പഠനം ശരിയായ രീതിയിൽ നടത്താൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എയ്ഡഡ് പദവിക്കായി 100 ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ തികയ്ക്കാനായിട്ടുള്ള ശ്രമം പദ്ധതിയെ ലക്ഷ്യത്തിലെത്തിക്കാതെയും കുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധ കിട്ടാതെയും പോകുന്നതിന് കാരണമാകുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ലൈബ്രറി കൗൺസിൽ</u>

*685 ശ്രീ. പുരുഷൻ കടലുണ്ടി
,, ജി. സുധാകരൻ
,, ബാബു എം. പാലിശ്ശേരി
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രവർത്തന കാലാവധി എത്ര വർഷമാണ്;

(ബി) നിലവിലെ ലൈബ്രറി കൗൺസിലിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) കൗൺസിലിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സങ്ങളുണ്ടോ;

(ഡി) നിലവിലുള്ള കൗൺസിലിന്റെ പ്രവർത്തന കാലാവധി തീരും മുൻപേ കൗൺസിലിനെ പിരിച്ചു വിടുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ കൗൺസിലിനെ പിരിച്ചുവിടുന്നതിനുള്ള നടപടിയിൽ നിന്ന് പിന്തിരിയാൻ തയ്യാറാകുമോ;

(എഫ്) ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് നൽകുന്നതിൽ സർക്കാർ വിമുഖത കാട്ടുന്നുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ലൈബ്രറി കൗൺസിലിനു വകയിരുത്തിയ തുകയും നൽകിയ തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>ദേശീയപാതാ വികസനം</u>

*686 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ.കെ. നാരായണൻ
,, കെ.വി. അബ്ദുൾ ഖാദർ
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനം സംബന്ധിച്ച് കേന്ദ്രസർക്കാർ അന്തിമ നിലപാട് അറിയിച്ചിട്ടുണ്ടോ; ഇത് ആശാവഹമാണോ;

(ബി) സ്ഥലംവിട്ടുനൽകുന്നവർക്കുള്ള പുനരധിവാസ പാക്കേജിന് കേരളത്തിന് പ്രത്യേക പരിഗണന വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; പ്രസ്തുത ആവശ്യത്തിന് മറുപടി ലഭ്യമായിട്ടുണ്ടോ;

(സി) ദേശീയപാതാ വികസനത്തിൽ നിന്നും കേന്ദ്രം പൂർണ്ണമായും പിന്മാറുന്ന പക്ഷം റോഡ് വികസനം എത്രത്തോളം പ്രതിസന്ധിയിലാകാൻ സാധ്യതയുണ്ട്; മറ്റു പരിഹാര മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

എയിഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം

*687 ശ്രീ. എം. എ. ബേബി
'' പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയിഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) അദ്ധ്യാപക നിയമനത്തിനുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന ആവശ്യം മാനേജ്മെന്റുകൾ ഉന്നയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ്; ഇത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമാണോ;

(സി) പഴയ റാങ്ക് ലിസ്റ്റിൽ നിന്നു തന്നെ പുതുതായി വരുന്ന ഒഴിവുകൾ നികത്തുന്നതിന് മാനേജ്മെന്റുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനമുണ്ടോ; ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>കയർ തൊഴിലാളികളുടെ കൂലി</u>

*688 ശ്രീ. എം. എ. വാഹീദ്
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഉൽപാദന മേഖലയിൽ കുറഞ്ഞ കൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്; വിശദമാക്കുമോ;

(ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>അറബിക് സർവ്വകലാശാല</u>

*689 ശ്രീ. പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2014-ലെ മറുപടിക്ക്

<u>റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ</u>

*690 ശ്രീ. പി. എ. മാധവൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2014 ജൂലൈ 2.

പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.